## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 97** | **29/09/2011-ൽ മറുപടിക്ക്**

**പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. എം.എ. ബേബി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ആർ. രാജേഷ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ പരീക്ഷാ സമ്പ്രദായത്തിലോ, തുടർ മൂല്യ നിർണ്ണയ രീതിയിലോ ഈ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; | (എ) ഓണപ്പരീക്ഷ പുന:സ്ഥാപിച്ചിട്ടുണ്ട്. തുടർ മൂല്യനിർണ്ണയ രീതിയിൽ ഇതുവരെ മാറ്റം വരുത്തിയിട്ടില്ല. |
| (ബി) ഏതെങ്കിലും വിദഗ്ദ്ധ ഏജൻസിയുടെ നിർദ്ദേശം സ്വീകരിച്ചു കൊണ്ടാണോ ഇതു നടപ്പിലാക്കിയത്; | (ബി) ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി ചർച്ച ചെയ്താണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടത്. |
| (സി) കേരളത്തിൽ തുടർ മൂല്യനിർണ്ണയ രീതി നിലവിലില്ലാതിരുന്ന കാലത്ത് ഓണപ്പരീക്ഷ, ക്രിസ്തുമസ് പരീക്ഷ എന്നിങ്ങനെ സ്കൂൾ പരീക്ഷ നടത്തിയിട്ടുണ്ടായിരുന്നോ ; | (സി) നടത്തിയിട്ടുണ്ടായിരുന്നു. |
| (ഡി) ബോധനത്തിന്റെ കാര്യക്ഷമത പരിശോധിക്കാനുള്ള പരീക്ഷാ പരിഷ്കരണം അക്കാദമികമായിട്ടാണോ തീരുമാനിക്കപ്പെട്ടിരുന്നത്; എങ്കിൽ ഓണപ്പരീക്ഷ എന്ന നിലയിലേക്കുള്ള മാറ്റം എന്തിന് വേണ്ടിയുള്ളതായിരുന്നു; വിശദമാക്കാമോ? | (ഡി) വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി നിർദ്ദേശം അനുസരിച്ചാണ് മുമ്പ് ഒരു പരീക്ഷ ഒഴിവാക്കിയത്. അധ്യാപക സംഘടനകളുടെ ആവശ്യം പരിഗണിച്ച് ഇക്കൊല്ലം അത് പുന:സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തെത്തുടർന്ന് ഇക്കൊല്ലം നടപ്പിലാക്കിയ പത്താം ക്ലാസ്സ് പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കിയുള്ള മികച്ച ചോദ്യ മാതൃകകൾ പരിചയപ്പെടാൻ ഇതു മൂലം കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

സംസ്ഥാനത്ത് 2010-11 അദ്ധ്യയനവർഷം വരെ അർദ്ധ വാർഷിക പരീക്ഷ, വാർഷിക പരീക്ഷ എന്നിങ്ങനെ രണ്ടു പരീക്ഷകളാണ് നടത്തിയിരുന്നത്. എന്നാൽ ഈ വർഷം മുതൽ ഓണപ്പരീക്ഷ നടത്തുകയുണ്ടായി. ഈ വർഷം 1 മുതൽ 7 വരെ ക്ളാസ്സുകളിൽ എസ്.എസ്.എ.യും 8 മുതൽ 10 വരെ ക്ളാസ്സുകളിൽ എസ്.സി.ഇ.ആർ.റ്റി.യും തയ്യാറാക്കിയ ചോദ്യ ബാങ്കിൽ നിന്ന് ചോദ്യങ്ങൾ ഡൗൺലോഡു ചെയ്ത് അതതു സ്കൂളുകൾ ചോദ്യം തയ്യാറാക്കി നൽകുകയാണ് ചെയ്തത്. ഇതിനുള്ള ചെലവ് യഥാക്രമം എസ്.എസ്.എ.യും ആർ.എം.എസ്.എ.യും ആണ് വഹിക്കുന്നത്. മുൻവർഷങ്ങളിൽ എസ്.എസ്.എ.യും ഡയറ്റും തയ്യാറാക്കുന്ന ചോദ്യങ്ങൾ അദ്ധ്യാപക സംഘടനകൾ അച്ചടിച്ചു വിതരണം ചെയ്യുകയാണ് ഉണ്ടായിരുന്നത്. ഓണപ്പരീക്ഷ പുനഃസ്ഥാപിച്ചു കഴിഞ്ഞു. ക്രിസ്തുമസ് പരീക്ഷ നടത്തുന്നത് സംബന്ധിച്ചു ഇതുവരെ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. അർദ്ധ വാർഷിക പരീക്ഷ, വാർഷിക പരീക്ഷ എന്ന രീതി നടപ്പാക്കിയത് സ്കൂൾ കരിക്കുലം കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ ഓണപ്പരീക്ഷ എന്ന തീരുമാനം സർക്കാർ നയപരമായി കൈക്കൊണ്ടതും ക്യു.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനിച്ചതുമാണ്.

പൊതുപരീക്ഷയുടെ ഭാഗമായി നിരന്തരമൂല്യനിർണയം നടപ്പിലാക്കിയത് 2004-2005 അധ്യയന വർഷമാണ്. അന്ന് ടേം പരീക്ഷയ്ക്കൊപ്പമാണ് നിരന്തരമൂല്യനിർണയം നടപ്പിലാക്കിയത്. ഈ രീതി തുടർന്നുള്ള വർഷങ്ങളിലും പിന്തുടർന്നു. നിരന്തര മൂല്യനിർണയത്തിൽ ഒരു ഇനമായി ക്ളാസ് ടെസ്റ്റ് പരിഗണിക്കുന്നു. ടേം പരീക്ഷയ്ക്ക് പുറമെയാണ് ക്ളാസ് ടെസ്റ്റ് നടത്തിയിരുന്നത്. നിരന്തര മൂല്യനിർണയത്തിന്റെ അന്തസ്സത്തയ്ക്ക് ടേം പരീക്ഷ കൊണ്ട് കോട്ടമൊന്നും ഉണ്ടായിട്ടില്ല.

ടേം പരീക്ഷകൾ കുട്ടികളുടെ പഠനനേട്ടം നിർണയിക്കുന്നതിനുള്ളതാണ്. വർഷാന്ത്യ പരീക്ഷയുടെയോ ബോർഡ് പരീക്ഷയുടേയോ സ്വഭാവമാണ് ഇവയ്ക്കുള്ളത്. ഇവയെ ആത്യന്തിക മൂല്യ നിർണയ(സമ്മേറ്റീവ് ഇവാല്യൂഷൻ)ത്തിന്റെ ഗണത്തിൽപ്പെടുത്തുന്നു. ആത്യന്തിക മൂല്യ നിർണയത്തിന്റെ പൊതുവായ പരിമിതി, പഠനം മെച്ചപ്പെടുത്തുന്നതിന് ഇവ സഹായകമാവുന്നില്ല എന്നതാണ്. നേടിയ അറിവുകളെയും കഴിവുകളെയും സംബന്ധിച്ച ചില സ്ഥിതിവിവര കണക്കുകൾ മാത്രമേ ഇവ നൽകുന്നുള്ളൂ. എന്നാൽ പരിഹാര ബോധന പ്രവർത്തനങ്ങൾ ആത്യന്തിക മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ നടത്താവുന്നതാണ്. സ്കൂളുകളിൽ നടക്കുന്ന പഠനം സംബന്ധിച്ച ഒരു ചിത്രം ആത്യന്തിക മൂല്യനിർണയത്തിലൂടെ ലഭ്യമാവുന്നതിനാൽ വിദ്യാഭ്യാസ ആസൂത്രണത്തിന് ഇത് സഹായകമാവുന്നു.

നിരന്തര മൂല്യനിർണയം പഠനം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. ഇത് തത്സമയം നടക്കുന്ന വിലയിരുത്തലായതിനാൽ ഫീഡ്ബാക്ക് നൽകുന്നതിനും പഠനഗതി നിർണയിക്കുന്നതിനും സഹായകമായിത്തീരുന്നു. പഠനവുമായി ബന്ധപ്പെട്ട് കുട്ടികളുടെ നിലവാരം വ്യവച്ഛേദിക്കാൻ നിരന്തരമൂല്യനിർണയം പ്രയോജനപ്പെടുന്നില്ല. ടീച്ചർക്ക് പഠനപ്രവർത്തനങ്ങളുടെ ആസൂത്രണം ഫലപ്രദമായി നിർവഹിക്കാൻ നിരന്തരമൂല്യനിർണയം അനിവാര്യമാണ്.

ടേം പരീക്ഷകളുടെ ആധിക്യം പഠനപ്രവർത്തനങ്ങൾക്കുള്ള സമയം ക്രമാതീതമായി അപഹരിക്കുന്നു. പരീക്ഷകൾക്കുവേണ്ടിയുള്ള റിഹേഴ്സലായി പഠനം മാറുന്ന സ്ഥിതി അഭികാമ്യമല്ല. കുട്ടിയുടെ വൈജ്ഞാനികവും വൈകാരികവും ആത്മീയവുമായ ഉന്നതി ലക്ഷ്യമാക്കി പഠനാനുഭവങ്ങൾ ഒരുക്കേണ്ടതിനുപകരം മത്സരാധിഷ്ഠിതമായ പരീക്ഷകൾക്കുള്ള തയാറെടുപ്പായി വിദ്യാഭ്യാസം മാറുന്നത് ഗുണകരമല്ലെന്ന് വിദ്യാഭ്യാസ ചിന്തകർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

നിരന്തര മൂല്യനിർണയം നടപ്പിലാക്കിയ ശേഷം മൂന്ന് അധ്യയനവർഷക്കാലം ടേം പരീക്ഷകൾ മാറ്റമില്ലാതെ തുടർന്നു. 2008-2009 അധ്യയനവർഷം മുതലാണ് അന്നത്തെ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പരീക്ഷാഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ടേം പരീക്ഷകൾ ഒഴിവാക്കിയത്.

പലപേരുകളിൽ നടത്തുന്ന പരീക്ഷകൾ പഠനസമയം അപഹരിക്കുന്നു. പരീക്ഷകളുടെ മറവിൽ ചോദ്യപേപ്പർ വ്യവസായം വ്യാപകമാവുന്നു. പരീക്ഷകളുടെ സ്വഭാവത്തിനനുസരിച്ച് പഠനത്തിന്റെ ദിശയിൽ അനഭിലഷണീയമായ വ്യതിയാനങ്ങൾ വരുന്നു. പഠനഭാരത്തോടൊപ്പം പരീക്ഷാഭാരത്തെക്കുറിച്ചും യശ്പാൽ കമ്മിറ്റി നടത്തുന്ന പരാമർശങ്ങൾ ടേം പരീക്ഷകളുടെ കാര്യത്തിൽ പുനർവിചിന്തനം ആവശ്യപ്പെടുന്നു തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചാണ് വർഷത്തിൽ രണ്ട് പരീക്ഷ മതി എന്ന തീരുമാനത്തിൽ എത്തിയത്.

പരീക്ഷകളുടെ കുറവ് പഠനത്തിന്റെ ഗൗരവം കുറയ്ക്കുന്നു എന്ന വാദഗതിയാണ് ഓണപ്പരീക്ഷ പുനഃസ്ഥാപിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. അധ്യാപക സംഘടനകളും രക്ഷിതാക്കളും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അൺ എയ്ഡഡ് വിദ്യാലയങ്ങളുമായുള്ള മത്സരത്തിൽ പൊതുവിദ്യാലയങ്ങൾക്ക് തങ്ങളുടെ മേന്മ ഉയർത്തിക്കാട്ടാനും മത്സരപരീക്ഷകളിലും മറ്റും കൂടുതൽ പേരെ അണിനിരത്താനും പരീക്ഷകളിൽ പരിശീലനം നൽകുന്നതുകൊണ്ടു കഴിയുമെന്നാണ് അവർ വാദിക്കുന്നത്. സമൂഹത്തിന്റെ പൊതുവായ താൽപര്യങ്ങൾ സർക്കാരിനു പരിഗണിക്കാതിരിക്കാൻ കഴിയില്ല.

പത്താംക്ലാസിൽ പുതിയ പാഠപുസ്തകങ്ങൾ നടപ്പിലാക്കിയ പശ്ചാത്തലത്തിൽ ചോദ്യമാതൃകകൾ പരിചയപ്പെടാൻ ഓണപ്പരീക്ഷ സഹായകമായിട്ടുണ്ട്. പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു എസ്.സി.ഇ.ആർ.ടി രൂപപ്പെടുത്തിയ ചോദ്യരീതി വഴിതെളിച്ചതായി കാണുന്നു.

സി.ബി.എസ്.സി പോലുള്ള കേന്ദ്ര പരീക്ഷാ ബോർഡുകൾ പൊതുപരീക്ഷകളുടെ പ്രാധാന്യം കുറച്ചുകൊണ്ടുവരുന്ന സാഹചര്യത്തിൽ സ്കൂൾതലത്തിലുള്ള പരീക്ഷകളെ സംബന്ധിച്ച് ഇനിയും തുറന്ന ചർച്ചകൾക്ക് അവസരമുണ്ട്.

Biju George
സെക്ഷൻ ഓഫീസർ